പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2318

06.10.2016-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## കേന്ദ്ര ഭവന പദ്ധതി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.കെ.രാജൻ<br>(ബഹു. റവന്യൂവും<br>ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര ഭവന പദ്ധതിയിൽ ഈ വർഷം പൊതുവിഭാഗത്തിൽ കേരളത്തിന് ഒരു വീടുപോലുമില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മൊത്തം അനുവദിച്ച വീടുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ കുറവുണ്ടോ; വിശദാംശങ്ങൾ നല്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിന് 13563 വീടുകളും 2016-17 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗത്തിന് 4036 വീടുകളുമാണ് കേന്ദ്രസർക്കാർ ഭൗതികലക്ഷ്യമായി അനുവദിച്ചത്. അപ്രകാരം മുൻവർഷത്തേക്കാൾ കുറവ് വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരമുള്ള ലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് കേന്ദ്ര സർക്കാർ ഭൗതികലക്ഷ്യം അനുവദിച്ച നൽകിയിട്ടുള്ളത്.<br>പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയിൽ 06.10.2016 വരെ 7 DPR-കളിലായി 1785 വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര-സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ ജൂൺ 2015 ആണ് പദ്ധതി ആരംഭിക്കുന്നത്. ഡിസംബർ 15-ാം തീയതി കേരളത്തിൽ പദ്ധതി ഔദ്യോഗികമായി തുടക്കം കുറിക്കുകയും, 26.05.2016-ൽ 7 DPR കളിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ ലഭിക്കും, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എത്ര വീടുകൾ ലഭ്യമാകും എന്നീ വിവരങ്ങൾ നൽകുമോ; | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിന് 12932 വീടുകളും പട്ടിക വർഗ്ഗ വിഭാഗത്തിന് 6604 വീടുകളും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് 8987 വീടുകളും ഭൗതികലക്ഷ്യമായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയിൽ വിഭാഗം തിരിച്ച് മുൻകൂട്ടി ഓരോ സാമ്പത്തിക വർഷവും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കുന്ന രീതി നിലവിൽ ഇല്ല പകരം നഗരസഭകളിൽ നിന്നും പരിശോധനകൾക്കു ശേഷം കൗൺസിലുകൾ അംഗീകരിച്ച് സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ അർഹരായ എല്ലാ വിഭാഗം ആളുകൾക്കും/കുടുംബങ്ങൾക്കും വീടുകൾ അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്.<br>16.10.2016 വരെ വീടുകൾ അനുവദിച്ച ഗുണഭോക്താക്കളുടെ വിഭാഗം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>General: 278, SC: 123, ST: 1, OBC/Minority: 1383, Total: 1785 |
| (ഡി) | 'ഇന്ദിരാ ആവാസ് യോജന' പിൻവലിച്ച് 'പ്രധാനമന്ത്രി ആവാസ് യോജന'യാക്കിയപ്പോൾ മാനദണ്ഡത്തിൽ വന്ന മാറ്റമാണോ വീടുകളുടെ എണ്ണക്കുറവിന് കാരണമെന്ന് വ്യക്തമാക്കുമോ; | (ഡി) | ഗ്രാമങ്ങളിൽ നടപ്പിലാക്കിയിരുന്ന ഇന്ദിര ആവാസ് യോജന പിൻവലിച്ച് പി.എം.എ.വൈ (ജി) നടപ്പിലാക്കിയപ്പോൾ പുതിയ നിബന്ധനകളായ ഇരുചക്ര വാഹനം, ഫ്രിഡ്ജ്, ലാന്റ് ഫോൺ എന്നിവ ഗുണഭോക്താവിനുണ്ടെങ്കിൽ ടിയാൻ ലിസ്റ്റിൽ നിന്നും ഒഴിവാകും. |
| (ഇ) | എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | പി.എം.എ.വൈ (ജി) മാനദണ്ഡ പട്ടികയിൽ നിന്നും ഇരുചക്ര വാഹനം, ഫ്രിഡ്ജ്, ലാന്റ് ഫോൺ എന്നിവ ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |

| General | SC | ST | OBC/Minority | Total |
|---|---|---|---|---|
| 278 | 123 | 1 | 1383 | 1785 |

**സെക്ഷൻ ഓഫീസർ**